<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2861</u> <u>28-02-2023 - ൽ മറുപടിയ്ക്ക്</u>

<u>ഇറിഗേഷൻ-ടൂറിസം പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇറിഗേഷൻ-ടൂറിസം പദ്ധതി എന്താണെന്ന് വിശദമാക്കാമോ; | (എ) | **സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളുടെയും മറ്റ് സ്ഥലങ്ങളുടെയും വിനോദ സഞ്ചാര സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതി നായി ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ് ഇറിഗേഷൻ ടൂറിസം പദ്ധതി. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മന്റ് കോർപ്പറേഷൻ (KIIDC) നെയാണ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുള്ളത്.**<br><br>സംസ്ഥാനത്തെ ജലവിഭവ വകുപ്പിന് കീഴിൽ വരുന്ന ഡാം സൈറ്റുകൾ, ഒഴിഞ്ഞു കിടക്കുന്ന ഭൂമികൾ, ജലാശയങ്ങൾ മുതലായവയിൽ വിനോദ സഞ്ചാരവുമായിബന്ധപ്പെട്ട് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനും, ഇതിൽനിന്നുള്ള വരുമാനം പൂർണ്ണമായും ഇറിഗേഷൻ വകുപ്പിന് ഉപയോഗപ്രദമാക്കി **മാറ്റുന്നതിനുംഉദ്ദേശിച്ചുള്ള പദ്ധതിയാണ് ഇറിഗേഷൻ ടൂറിസം.** |
| (ബി) | പ്രസ്തുത പദ്ധതി ഏതൊക്കെ മണ്ഡലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഇറിഗേഷൻ ടൂറിസം നടപ്പാക്കുന്നതിനായി ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 3-11-22-ന് യോഗം കൂടുകയും ഓരോ പ്രോജക്ട് ഡിവിഷന്റേയും കീഴിൽ എത്രമാത്രം സ്ഥലം ഉണ്ടെന്നുള്ള വിവരവും നിലവിലുള്ള ഡാമും പരിസരവും അല്ലാതെ ടൂറിസത്തിന് അനുയോജ്യമായ സ്ഥലങ്ങൾ, ടേക്ക് എ ബ്രേക്കിന് അനുയോജ്യമായ സ്ഥലങ്ങൾ എന്നിങ്ങനെ ടൂറിസ**ത്തിന് അനുയോജ്യമായ സ്ഥലങ്ങളുടെ വിവരങ്ങൾ തയ്യാറായി വരുന്നു.**<br><br>**ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം - I ന്റെ കാര്യാലയത്തിന് കീഴിൽ കുറ്റ്യാടി, കാരാപ്പുഴ, കാഞ്ഞിരപ്പുഴ, മലമ്പുഴ, മംഗലം, പോത്തുണ്ടി എന്നീ** |

| | | | |
|---|---|---|---|
| | | | **പദ്ധതികളിൽ ഇറിഗേഷൻ ടൂറിസം പദ്ധതി നിലവിലുണ്ട്. നിയമസഭ മണ്ഡലങ്ങൾ താഴെ പറയും പ്രകാരമാണ്.**<br><br>കുറ്റ്യാടി - പെരുവണ്ണാമൂഴി : പേരാമ്പ്ര<br><br>തോണിക്കടവ്-കരിയത്തൻപാറ : ബാലുശ്ശേരി<br><br>കാരാപ്പുഴ : കൽപ്പറ്റ കാഞ്ഞിരപ്പുഴ : കോങ്ങാട്<br><br>മലമ്പുഴ : മലമ്പുഴ<br><br>മംഗലം : ആലത്തൂർ<br><br>**പോത്തുണ്ടി : നെൻമാറ**<br><br>**കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മന്റ് കോർപ്പറേഷൻ (KIIDC)** വകുപ്പിന്റെ ധനസഹായത്തോടെ വിവിധ ടൂറിസം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. അതിൽ ഡാം ടൂറിസവുമായി ബന്ധപ്പെട്ട് നിലവിൽ പുരോഗമിച്ചു വരുന്ന പദ്ധതികളാണ്:<br><br>പടിയൂരിലെ പഴശ്ശി അണക്കെട്ടിലും പരിസര പ്രദേശങ്ങളിലും ഇക്കോ ടൂറിസം വികസനം: റോഡ്, റെസ്റ്റോറന്റ്, വുഡൻ ഡെക്ക്, പ്രവേശന കവാടം, ടോയ്‌ലറ്റ് ബ്ലോക്ക്, വൈദ്യുതീകരണം തുടങ്ങിയവ ഉൾപ്പെടുന്ന ₹5.66 കോടി രൂപയുടെ പദ്ധതി.<br><br>**കൊല്ലം ജില്ലയിലെ തെന്മല അണക്കെട്ടിലും പരിസര പ്രദേശങ്ങളിലും ഇക്കോ ടൂറിസം വികസനവും മെച്ചപ്പെടുത്തലും, നടപ്പാത, കുട്ടികളുടെ കളിസ്ഥലം, ഇരിപ്പിടം, സെക്യൂരിറ്റി റൂമും ക്ലോക്ക് റൂമും, പവലിയൻ, വ്യൂ പോയിന്റ്, കെട്ടിട നവീകരണം, ടോയ്‌ലറ്റ് നവീകരണം, വൈദ്യുതീകരണം, ലാൻഡ്സ്കേപ്പിംഗ് തുടങ്ങിയവ ഉൾപ്പെടുന്ന ₹4.49 കോടി രൂപയുടെ പദ്ധതി.** |
| (സി) | അരൂർ മണ്ഡലത്തിൽ പെരുമ്പളം നൃ സൗത്ത് പ്രദേശത്ത് ഇറിഗേഷൻ-ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | **വിനോദ സഞ്ചാരത്തിന് യോഗ്യമായ ഇടങ്ങൾ കണ്ടെത്തുന്നതിനും അപ്രകാരമുള്ള വിശദ റിപ്പോർട്ട് സമർപ്പിക്കുവാനും ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) നെ ചുമതലപ്പെടു ത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിവരങ്ങൾ സമർപ്പിക്കുന്നതിനായി മറ്റ് ചീഫ് എഞ്ചിനീയർ മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജലസേചന വകുപ്പിന് കീഴിൽ വിനോദസഞ്ചാര യോഗ്യമായതും വിനോദ സഞ്ചാര സാധ്യതയുള്ളതുമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് ആയതിന്റെ വിവരങ്ങളും വിശദ റിപ്പോർട്ടും തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ